Nidas

NISH Online Interactive Disability Awareness Seminar- 35

Frequently Asked Questions (FAQ)

**"കുഷ്ഠരോഗം: അറിഞ്ഞിരിക്കേണ്ട വസ്തുതകൾ"** **15 ഡിസംബർ 2018**

1. എന്താണ് കുഷ്ഠരോഗം?

ബാക്ടീരിയ മൂലമുണ്ടാകുന്ന ഒരു പകർച്ചവ്യാധി മാത്രമാണ് കുഷ്ഠരോഗം. ഇത് പ്രധാനമായും ത്വക്കിനെയും നാഡികളെയും ബാധിക്കുന്നു. ഈ രോഗം പകർച്ച വളരെ കുറഞ്ഞതും വിവിധ ഔഷധചികിത്സകൾ (MDT) കൊണ്ട് പൂർണ്ണമായും സുഖപ്പെടുത്താവുന്നതുമാണ്. ശരിയായ ചികിത്സ വേണ്ട സമയത്ത് ലഭിച്ചാൽ അംഗവൈകല്യം ഒഴിവാക്കാം.

2. ഇതൊരു പാരമ്പര്യരോഗമാണോ?

ഒരിക്കലുമല്ല. രോഗം വരാനുള്ള സാധ്യത ശരീരത്തിന്റെ പ്രതിരോധശേഷിയെ ആശ്രയിച്ചാണിരിക്കുന്നത്.

3. പ്രതിരോധശേഷി എന്നാൽ എന്താണ്? എന്തു കൊണ്ട് എല്ലാവർക്കും കുഷ്ഠരോഗം പിടിപെടുന്നില്ല?

രോഗാണുക്കളോട് പ്രതികരിക്കുന്നതിനും രോഗബാധ ചെറുക്കുന്നതിനുമുള്ള ശരീരത്തിന്റെ കഴിവാണ് പ്രതിരോധ ശേഷി. നമ്മുടെ രക്തത്തിലുള്ള ചില പ്രത്യേക തരം കോശങ്ങളാണ് ഇതിനു കാരണം. ഈ കോശങ്ങൾക്ക് ശരീരത്തിന് ഹാനികരങ്ങളായ ബാക്ടീരിയകളെ (കുഷ്ഠരോഗമുൾപ്പെടെ) കണ്ടു പിടിച്ച് നശിപ്പിക്കാനുള്ള പ്രത്യേക കഴിവുണ്ട്.

നമ്മുടെ സമൂഹത്തിൽ 95–99% ആളുകൾക്കും കുഷ്ഠരോഗത്തെ ചെറുക്കുന്നതിനുള്ള പ്രതിരോധ ശേഷിയുണ്ട്. ശേഷിക്കുന്ന 1–5% ആളുകൾക്കാണ് ഈ രോഗം വരാനുള്ള സാധ്യത.

4. രോഗാവസ്ഥയില്ലേക്ക് നയിക്കുന്നതെങ്ങിനെ?

രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ശരീരത്തിലുള്ള പോഷകഘടകങ്ങൾ ഉപയോഗിച്ച് വളർന്നു എണ്ണത്തിൽ പെരുകുന്നു. ഈ പ്രക്രിയ നിയന്ത്രിക്കാൻ സാധിക്കാതെ വന്നാൽ രോഗാവസ്ഥ സംജാതമാകുന്നു. നിയന്ത്രിക്കാൻ സാധിച്ചാൽ രോഗാവസ്ഥയിലേക്ക് പോകുകയില്ല.

5. കുഷ്ഠരോഗത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?

- നിറം മങ്ങിയതോ ചുവന്നതോ ആയ സ്പർശനശേഷി കുറഞ്ഞ പാടുകൾ
- പാടുകളിൽ വേദനയോ ചൊറിച്ചിലോ ഇല്ലാതിരിക്കുക
- കൈകാലുകളിൽ മരവിപ്പ്
- കട്ടിയുള്ള തിളങ്ങുന്ന ചർമ്മം, തടിപ്പുകൾ

- വേദനയില്ലാത്ത വ്രണങ്ങൾ
- വൈകല്യങ്ങൾ.

6. കുഷ്ഠരോഗമുള്ള വ്യക്തിയെ എനിക്ക് വിവാഹം കഴിക്കാൻ സാധിക്കുമോ?

എന്തുകൊണ്ട് സാധിക്കില്ല. നിങ്ങളുടെ വിവാഹ ജീവിതവും മറ്റുള്ള ദമ്പതികളെ പോലെ സാധാരണമായിരിക്കും. അവർ നിശ്ചിത തോതിലുള്ള മരുന്ന് ക്രമമായി കഴിക്കുകയാണെങ്കിൽ പൂർണ്ണമായും രോഗവിമുക്തരാകും.

7. കുഷ്ഠരോഗമുള്ളവരെ വീട്ടിൽ ചികിത്സിക്കാമോ? ജീവിതകാലം മുഴുവൻ ചികിത്സിക്കേണ്ടതായി വരുമോ?

വീട്ടിൽ ചികിത്സിക്കുന്നതാണ് ഉചിതം. സാധാരണഗതിയിൽ, 6 മുതൽ 12 മാസത്തെ ചികിത്സ മതിയാകുന്നതാണ്. എന്നാൽ, ഇത് ചികിത്സാകാലം ഏതു തരത്തിലാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

8. കുഷ്ഠരോഗമുള്ളവരെ പരിചരിക്കുന്നവർ എന്തെങ്കിലും മുൻകരുതലുകൾ എടുക്കേണ്ടതുണ്ടോ?

കുഷ്ഠരോഗം സ്ഥിരീകരിച്ചു ചികിത്സ ആരംഭിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തിയിൽ നിന്നും മറ്റൊരാളിലേക്ക് പകരുകയില്ല. അതിനാൽ മുൻകരുതലുകൾ എടുക്കേണ്ട ആവശ്യവും ഇല്ല.

9. കുഷ്ഠരോഗത്തിനു ചികിത്സ എടുത്ത വ്യക്തിക്കു ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുമോ?

അതെ. സാമൂഹ്യ നീതി-ശാക്തീകരണ മന്ത്രാലയം വഴി അതിനുള്ള സൗകര്യം ലഭ്യമാണ്.

**കൂടുതൽ വിവരങ്ങൾക്ക്**


**ഡോ. ജെ. പത്മലത** **0471 2302745**

സ്റ്റേറ്റ് ലെപ്രസി ഓഫീസർ ഡെപ്യൂട്ടി ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്
തിരുവനന്തപുരം

**ശ്രീമതി. രജിത എൽ.** **0471 3066638**

സോഷ്യൽ വർക്കർ
നിഷ്, ആക്കുളം, തിരുവനന്തപുരം

**നിഡാസ് ടീം** **0471 3066675**

നിഷ്, ആക്കുളം, തിരുവന്തപുരം